II ഇ.ബി.XIV-കേരള നിയമസഭ/IV-9

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മാർച്ച് 10, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(9-3-2017-ന് അടിയന്തര പ്രമേയാവതരണ വേളയിൽ ബഹു. മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രസ്തുത വിഷയം സംബന്ധിച്ച് സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് റൂളിംഗ് നൽകുന്നതാണെന്ന് ബഹു. സ്പീക്കർ അറിയിക്കുകയും ചെയ്തു. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

24(*241) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, ഗുണമേന്മയുള്ള സെക്കണ്ടറി വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പ്രകാരം 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഹൈസ്കൂളുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക, എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000 രൂപ വീതം ഗ്രാന്റ് നൽകുക, ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനെയും ആയമാരേയും നിയമിക്കുക, സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപകർക്കും സ്പെഷ്യൽ ടീച്ചേഴ്സിനും 10 ദിവസത്തെ ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകുക, സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് സഭയെ അറിയിച്ചു. 2017-18 വർഷത്തിൽ 4 സ്കൂളുകളിൽ Ideal Lab പദ്ധതിയും വിദ്യാർത്ഥികളുടെ തൊഴിൽ സംരംഭകത്വ പദ്ധതിക്കായി 82 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആർ.എം.എസ്.എ.-യുടെ പ്രവർത്തനം ഹയർ സെക്കണ്ടറി തലത്തിലും വ്യാപിപ്പിക്കുക, ആർ.എം.എസ്.എ.- ഫണ്ട് സർക്കാർ/എയ്ഡഡ് മേഖലയിലെ

വിദ്യാലയങ്ങൾക്കും അനുവദിക്കുക, വിദ്യാർത്ഥികൾക്ക് ശാസ്ത്രതത്വങ്ങൾ പഠിക്കുവാനുള്ള അവസരമുണ്ടാക്കുക, സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി വിതരണം ചെയ്യുക, തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പുതിയ പദ്ധതികൾ ആവിഷ്കരിക്കുക, സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുക തുടങ്ങിയ പദ്ധതികൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കേരളത്തിലെ 142 ആർ.എം.എസ്.എ.- സ്കൂളുകൾ കെ.ഇ.ആർ. അനുസരിച്ച് തസ്തിക നിർണ്ണയം നടത്താവുന്ന വിധം ഏറ്റെടുത്തതിലൂടെ കേന്ദ്ര സർക്കാർ അനുവദിച്ച തുക പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്നും ആവശ്യമെങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനും തുടർന്ന് പി.എസ്.സി. വഴി നിയമനം നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹാബിറ്റാറ്റ് ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നൽകുന്നതിൽ തടസ്സമില്ലെന്നും കണ്ണൂർ ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിൽ നിലനിൽക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി വ്യക്തമാക്കി.

25(*242) നെൽവയൽ തണ്ണീർത്തട സംരക്ഷണം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പുള്ള അനധികൃത പരിവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള 3 എ ഭേദഗതി പിൻവലിക്കുന്നതിന് നിയമനിർമ്മാണം നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നിലം/തണ്ണീർത്തടം എന്ന വിഭാഗത്തിലും നിർവ്വചനത്തിലും ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം അഥവാ തത്തുല്യ പദങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ കെ.എൽ.യു. ഉത്തരവ് ക്ലാസ് (6) പ്രകാരം ജില്ലാകളക്ടർ/ആർ.ഡി.ഒ. വീട് നിർമ്മാണത്തിനായി പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട വില്ലേജാഫീസർ, കൃഷി ആഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചശേഷം അനുമതി നൽകാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതും കാലതാമസം

പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. സ്വകാര്യ വ്യക്തികൾ പാടങ്ങളും തണ്ണീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ സെക്ഷൻ 12 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്റ്റോപ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്. അനധികൃത പ്രവൃത്തികൾക്ക് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുമെന്നും നിയമവ്യവസ്ഥകൾ ലംഘിച്ച് രൂപാന്തരപ്പെടുത്തിയ സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ സെക്ഷൻ 13 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി. കൃഷിഭൂമിയിൽ ക്ലാസിഫിക്കേഷൻ നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണെന്നും നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും 2008- ന് മുൻപ് നികത്തപ്പെട്ട ഭൂമിയുടെ കാര്യത്തിൽ ഫൈനൽ 'ഡാറ്റാബാങ്ക്' തയ്യാറാക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്യുമെന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വീട്/ അനുബന്ധ സ്ഥാപനങ്ങൾ നിലം നികത്തി നിർമ്മിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കോഴിക്കോട് കോട്ടൂളി തണ്ണീർത്തടം നികത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന്

ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് തൊഴിലും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി.

26(*243) കരട് ദേശീയ വിദ്യാഭ്യാസ നയം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവുമാണ് സംസ്ഥാന സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ നടപ്പാക്കുന്നതെന്നും മികച്ച വിദ്യാഭ്യാസം നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും സഭയെ അറിയിച്ചു. കരട് വിദ്യാഭ്യാസ നയത്തിലെ പ്രധാന ആശയങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടെന്നും ജനാധിപത്യപരവും ആധുനിക വിദ്യാഭ്യാസ രീതിക്ക് അനുസൃതവുമായ വിദ്യാർത്ഥി/അദ്ധ്യാപക ബന്ധം വികസിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അതാത് സംസ്ഥാനത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് കരിക്കുലം രൂപപ്പെടുത്താനുള്ള അവകാശം നൽകണമെന്നും വിദ്യാഭ്യാസ പരിപാലനം ഉറപ്പാക്കണമെന്നും വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കുന്ന പ്രക്രിയയ്ക്കാണ് ഊന്നൽ നൽകേണ്ടതെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കണമെന്നും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്ന

നിലപാടിനോട് സംസ്ഥാന സർക്കാരിന് വിയോജിപ്പാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2752 മുതൽ 3091 വരെയുള്ള ചോദ്യങ്ങളിൽ 194 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)